**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അധ്യയന വർഷത്തിൽ കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകർ നിർമ്മിത ബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പഠന പ്രവർത്തനങ്ങളിൽ നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശിലനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം സെക്കന്ററി, ഹയർ സെക്കന്ററി മേഖലയിലെ 23,000 അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം നൽകി. സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും 2024 ഡിസംബറിനകം പ്രത്യേക പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മിത ബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തി കുട്ടികളെ പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ കൈറ്റ് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി വിന്യസിച്ച ഐ.ടി. ഉപകരണങ്ങൾ സാങ്കേതികവിദ്യാ പഠനത്തിന് പ്രയോജനപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താനാണ് അധ്യപകർക്ക് എ.ഐ. അധിഷ്ഠിത പ്രത്യേക പരിശീലനങ്ങൾ നൽകുന്നത്. |
| (സി) | നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം നൽകാമോ? | (സി) | പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളും കാലഘട്ടത്തിനനുയോജ്യമായി മാറ്റുന്നതിന്റെ ഭാഗമായാണ് നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ അധ്യാപകർക്ക് നൽകുന്നതും നിർമ്മിതബുദ്ധിയുടെ പ്രാഥമിക പാഠങ്ങൾ ഏഴാം ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിച്ചതും. പരിശീലനം എല്ലാ അധ്യാപകർക്കും ലഭ്യമാക്കുകയും ഉയർന്ന ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങളിൽ നിർമ്മിതബുദ്ധി പ്രയോജനപ്പെടുത്തുന്നതിനുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ